പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1777**

**10.03.2020 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## പന്തല്ലൂർ വയർലെസ് റിപ്പീറ്റർ സ്റ്റേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ടി.എ. അഹമ്മദ് കബീർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) മലപ്പുറം ജില്ലയിലെ പോലീസിന്റെ വാർത്താവിനിമയ കേന്ദ്രമായ പന്തല്ലൂർ വയർലെസ് റിപ്പീറ്റർ സ്റ്റേഷനിൽ ഡ്യൂട്ടി എടുക്കുന്ന പോലീസുദ്യോഗസ്ഥർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ;<br><br>ബി) ഭക്ഷണം പാചകം ചെയ്യുന്നതിനും മറ്റും ആഴ്ചയിൽ ഒരിക്കൽ മാത്രം വെള്ളമെത്തിക്കുന്നതിന് പകരം സ്ഥിരമായി വെള്ളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>സി) 1974 ൽ സ്ഥാപിതമായ റിപ്പീറ്റർ സ്റ്റേഷനിൽ ഇതുവരെ ടോയ് ലറ്റ് സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ;<br><br>ഡി) നിലവിൽ റിപ്പീറ്റർ സ്റ്റേഷൻ പ്രവർത്തിക്കുന്ന താൽക്കാലിക ഷെഡിൽ മിന്നൽ രക്ഷാചാലകം ഇല്ലാത്തത് കൊണ്ടും ഇടക്കിടെ പാമ്പുകൾ കയറുന്നത് മൂലവും ജീവനക്കാരുടെ ജീവന് ഭീഷണി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മിന്നൽ രക്ഷാചാലകം ഉൾപ്പെടെയുള്ള സുരക്ഷിതമായ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | എ) യും ബി) യും സി) യും ഡി) യും പരിമിതികളും ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പന്തല്ലൂർ മലയിൽ സ്വകാര്യ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന വയർലെസ് റിപ്പീറ്റർ സ്റ്റേഷൻ സ്വന്തമായി കെട്ടിടം പണിയുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ നാഷണൽ ഗെയിംസിനായി വാങ്ങിയതിൽ നിന്നും ഒരു പ്രീ ഫാബ്രിക്കേറ്റഡ് ബിൽഡിങ്ങ് പന്തല്ലൂർ റിപ്പീറ്റർ സ്റ്റേഷനിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊപ്പോസൽ ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ